ശ്രീ. എൻ. കുഞ്ഞുരാമൻ: ഒന്നാണ്ടു താലൂക്കുകളനുസരിച്ച് ബാക്കി എല്ലാ താലൂക്കുകളിൽനിന്നും വന്നിട്ടുണ്ട്.

Sri. A. Thanu Pillai: Will the rules be the same for the elections of the Legislature and elections to these Panchayats?

Sri. N. Kunjuraman: Yes. It has been provided for in the Act itself.

TRANSPORT DEPARTMENT

*44. [14] **Sri. A. M. Thomas:** Will the Hon'ble Minister for Transport be pleased to state:—

(*a*) is the Transport Department now in a position to monopolise additional lines: and

(*b*) if so, does the Government contemplate to take up any new lines this year.

Minister for Public Works, Communications and Agriculture **(Sri. E. John Philipose):**

(*a*) A special officer has been appointed to investigate the scheme of nationalisation of Road and Water Transport within the State. The question of monopolisation of additional lines can be decided only after his final report in the matter is received.

(*b*) This is unlikely.

ശ്രീ. എ. എം. തോമസ്: സ്പെഷ്യൽ ആഫീസരെ നിയമിച്ചതെന്നാണ്?

Sri. E. John Philipose: Speaking off hand, I think it is about 7 months.

ശ്രീ. എ. എം. തോമസ്: ആരാണ് സ്പെഷ്യൽ ആഫീസർ?

Sri. E. John Philipose: Mr. Kunjunni Kurup, Operating Superintendent in the Transport Department.

ശ്രീ. എ. എം. തോമസ്: ഇൻറിം റിപ്പോർട്ട് വന്നിട്ടുണ്ടോ?

Sri. E. John Philipose: He has submitted an interim report.

ശ്രീ. എ. എം. തോമസ്: അതിന്മേൽ എന്തു നടപടി നടത്തി?

Sri. E. John Philipose: The interim report did not give sufficient data. It has been referred again for more details.

ചേർത്തല–ആലപ്പുഴ തോട്

*൪൫. (൧൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ചേർത്തല ആലപ്പുഴ തോട് താഴ്ത്തുന്ന ജോലി എത്ര മൈൽ തീർന്നിട്ടുണ്ട്; ഇനി എത്ര മൈൽ തീരാനുണ്ട്. ഇനി ഉദ്ദേശം എത്രമാസത്തിനകം തോട് ഗതാഗതയോഗ്യമാക്കിത്തീർക്കാൻ സാധിക്കും?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി

(ശ്രീ. ഇ. ജാൻ പിലിപ്പോസ്): ടഡ്ജർ ഉപയോഗിച്ചു ആലപ്പുഴനിന്നും ഏകദേശം നാലു മൈൽ താഴ്ത്തിയിട്ടുണ്ട്. ഈ നിലയിൽ ജോലി തുടർന്നുകൊണ്ടുപോകുവാൻ സൗകര്യപ്പെടുന്ന പക്ഷം രണ്ടു കൊല്ലംകൊണ്ടു ഈ തോട് ഗതാഗതസൗകര്യം ഉള്ളതാക്കി തീർക്കാമെന്നാണ് ഗവൺമെണ്ടിന്റെ ഉദ്ദേശം.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇടക്കാലങ്ങളിൽ ഇതു് ഒരു റിലീഫ് വർക്കായിട്ടല്ലേ ഈ ജോലി നടത്തിക്കൊണ്ടിരുന്നതു്?

ശ്രീ. ഇ. ജാൻ പിലിപ്പോസ്: അതെ.

[Question No. (15) was not put, being the same as Question No. (1) answered previously].

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇപ്പോഴും ഈ ജോലി തൊഴിലാളികളെക്കൊണ്ടുതന്നെ ചെയ്യിക്കാൻ ആലോചിക്കാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എന്നാണ് ഈ ജോലി തുടങ്ങിയതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി ഇപ്പോൾ ഒരു വിവരവും ഇല്ല.

ശ്രീ. ആർ. ശങ്കർ: ഈ തോട് കടന്നുപോകുന്ന ഭാഗങ്ങളിൽ പാലങ്ങൾ കെട്ടുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനു് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ തോട് ഫൈനൽ—ൽ പൂർത്തിയാക്കാമെന്നു് ഗവർമ്മെണ്ടു് ഉറപ്പു നൽകിയിരുന്നതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഉണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഈ ജോലി തുടങ്ങിയതിനുശേഷം എത്രകാലത്തേക്കു് ജോലി നിറുത്തിവച്ചിട്ടുണ്ടായിരുന്നു?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അധികം നാൾ നിറുത്തിവക്കാൻ ഇടയായിട്ടില്ല.

ബസ്സു് സർവ്വീസു്

*൪൭. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈക്കത്തുനിന്നും എതെല്ലാം സ്ഥലങ്ങളിലേക്കു ബസ്സു് സർവ്വീസുണ്ടു്?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്): വൈക്കത്തുനിന്നും താഴെ പറയുന്ന സ്ഥലങ്ങളിലേക്കു് ബസ്സു് സർവ്വീസുകളുണ്ടു്.

ആലുവാ, എറണാകുളം, കോട്ടയം, ഈരാറ്റുപേട്ട, തൊടുപുഴ, വാഗമൺ വെട്ടിക്കാട്ടുമുക്കു്, പാല മുതലായ സ്ഥലങ്ങളിലേക്കു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഈ ബസ് സർവ്വീസുകൾ ഉള്ള റോഡുകൾ മെറ്റൽ ചെയ്യാത്തതുകൊണ്ടു് വളരെ വൈഷമ്യം ഉണ്ടാകുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആ വിഷമം പല സ്ഥലങ്ങളിലും ഉണ്ടു്.

Sri. K. R. Elankath: Sir, I may be allowed to put question No. 19?

Mr. Speaker: Yes.

G. M. F. SCHEME

***47.** [19] **Sri. R. Chellaswami Nadar:** Will the Honble Minister for Works be pleased to state —

(*a*) the number of acres converted for irrigation in 1124, 1125 and 1950;

(*b*) the amount of yield from that conversions; and

(*c*) the amount received from India Government as grant under the G. M F. Scheme?

[Question No. (18) was not put, being the same as question No. (13) answered previously.]

LIBRARY ARCHIVES Kerala Legislative Assembly